പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5967 — 28.03.2018 ൽ മറുപടിയ്ക്ക്

കോൾ നിലങ്ങളിലെ നെല്ല് സംഭരിക്കുമ്പോൾ ലഭ്യമാകുന്ന ഔട്ട്ടേൺ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.കെ. രാജൻ<br>ശ്രീമതി സി.കെ. ആശ | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കോൾ നിലങ്ങളിലെ നെല്ല് സംഭരിക്കുമ്പോൾ ലഭ്യമാകുന്ന ഔട്ട്ടേൺ സംബന്ധിച്ച വിശദാംശം നല്കാമോ;<br>(ബി) കുട്ടനാടൻ പാടശേഖരങ്ങളിലെ കരിനിലങ്ങളിൽ ഉല്പാദിപ്പിക്കുന്ന നെല്ല് സംസ്കരിച്ചെടുക്കുന്ന അരിയുടെ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) യും (ബി) യും | വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി പ്രകാരം നെല്ല് സംഭരിക്കുന്നത് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള ഏകീകൃത ഗുണമേന്മാ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ മാനദണ്ഡങ്ങൾ കേരളത്തിലെ കാലാവസ്ഥാ, ഭൂപ്രകൃതി വ്യത്യാസങ്ങൾക്കനുസരിച്ച് മാറ്റം വരുന്നില്ല. കർഷകരിൽ നിന്നും സംഭരിക്കുന്ന ഓരോ ക്വിന്റൽ നെല്ലിനും 68% അരി ലഭിക്കണമെന്നതാണ് മാനദണ്ഡത്തിലെ നിലവിലെ വ്യവസ്ഥ. |
| (സി) കുട്ടനാടൻ പാടശേഖങ്ങളിലെ നെല്ല് സംഭരണത്തിൽ ഓയിൽപാം ഇന്ത്യയുടെ പങ്ക് വ്യക്തമാക്കാമോ; | (സി) | നെല്ല് സംഭരണത്തിന് സപ്ലൈകോയുമായി ഓയിൽ പാം കരാർ വച്ചിട്ടില്ല. 2011-12 മുതൽ കുട്ടനാടൻ മേഖലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും ഓയിൽ പാം ഇൻഡ്യ നെല്ല് സംഭരിച്ചുവരുന്നു. കോട്ടയം, ആലപ്പുഴ ജില്ലകളിലെ വെച്ചൂർ, തലയാഴം, കല്ലറ, നീണ്ടൂർ, കുമരകം, ആർപ്പൂക്കര, അയ്മനം, ഉദയനാപുരം, തലയോലപ്പറമ്പ്, കടുത്തുരുത്തി, പുറക്കാട്, തകഴി, വീയപുരം തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള കർഷകരിൽ നിന്നുമാണ് പ്രധാനമായും സംഭരിക്കുന്നത്. പ്രൈവറ്റ് മില്ലുകൾ നെല്ല് സംഭരണത്തിൽ നിന്നും വിട്ടു നിൽക്കുന്ന സാഹചര്യത്തിൽപോലും കുട്ടനാടൻ പാടശേഖരങ്ങളിൽ നിന്നും ഓയിൽ പാം ഇന്ത്യ നെല്ല് സംഭരിച്ചിട്ടുണ്ട്. |
| (ഡി) ഓയിൽപാം ഇന്ത്യ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നല്കാനുള്ള തുകയുടെ വിവരങ്ങൾ ലഭ്യമാക്കുമോ; | (ഡി) | സംഭരിച്ച നെല്ലിന്റെ വിലയായി 2,24,89,746 രൂപ (രണ്ട് കോടി ഇരുപത്തിനാല് ലക്ഷത്തി എൺപത്തിയൊൻപതിനായിരത്തി എഴുന്നൂറ്റി നാൽപ്പത്തിയാറ് രൂപ മാത്രം) 132 കർഷകർക്കായി നൽകുവാനുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാന സർക്കാർ ഓയിൽപാം ഇന്ത്യക്ക് സബ്സിഡിയിനത്തിൽ ബാക്കി തുക നൽകാനുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഇ) | 30.09.2017 വരെ 15.88 കോടി (പതിനഞ്ച് കോടി എൺപെത്തിയെട്ട് ലക്ഷം രൂപ മാത്രം) രൂപയും 01.10.2017 മുതൽ 31.01.2018 വരെയുള്ള കാലയളവിൽ സപ്ലൈകോ വഴി 89 ലക്ഷം (എൺപത്തിയൊൻപത് ലക്ഷം രൂപ മാത്രം) രൂപ എസ്.ഐ.ബി ഇനത്തിലും നൽകാനുണ്ട്. |
| (എഫ്) | കുട്ടനാടൻ പാടശേഖരങ്ങളിലെ കരിനിലങ്ങളിലെ നെല്ല് സംഭരിച്ച വകയിൽ ഓയിൽപാം ഇന്ത്യക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടോ ; വിശദമാക്കാമോ? | (എഫ്) | ഓയിൽ പാം ഇന്ത്യയുടെ വൈക്കം വെച്ചൂരിലുള്ള റൈസ് മില്ലിന് പ്രവർത്തനം ആരംഭിച്ച 2012-13 കാലയളവ് മുതൽ 2016-17 കാലയളവ് വരെ 395 ലക്ഷം (മുന്നൂറ്റി തൊണ്ണൂറ്റിയഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ